(ബി) പ്രസ്തുത കെട്ടിടത്തിൽ അടുത്തകാലത്തായി കളവ് നടന്നതായ സംഭവം അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല.

(ബി) മോഷണശ്രമം നടന്നതായി സ്ഥലവാസികൾ അറിയിച്ചിരുന്നു.

(സി) മോഷണശ്രമം നടന്നെന്ന് സ്ഥലവാസികൾ അറിയിച്ചതിനെ തുടർന്ന് പോലീസിനെക്കൊണ്ട് അന്വേഷിപ്പിച്ചതിൽ പൂട്ടുകുത്തിപ്പൊളിച്ചതല്ലാതെ ഒന്നും തന്നെ നഷ്ടപ്പെട്ടതായി കണ്ടില്ല. കൂടുതൽ സംരക്ഷണത്തിനായി പോലീസിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

**കൊട്ടിയം കെ. ഐ. പി. ഗോഡൗണിൽ നടന്ന മോഷണം**

**47 (1735)** ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കെ. ഐ. പി. നിർമ്മാണത്തിനാവശ്യമായ കൊട്ടിയം കെ. ഐ. പി. ഗോഡൗണിൽ നടന്ന മോഷണത്തിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പോലീസ് അന്വേഷണം നടന്നു വരികയാണ്.

(ബി) വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

**സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ സഹായത്തോടെ കുഴൽകിണർ നിർമ്മാണം**

**48 (1736)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ സഹായത്തോടെ കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിച്ചുകൊടുക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇടുക്കി ജില്ലയിൽ പ്രസ്തുത പദ്ധതിപ്രകാരം കുഴൽകിണർ നിർമ്മിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) കുടിവെള്ള പ്രശ്നം വളരെ രൂക്ഷമായ ഇടുക്കി ജില്ലയിലെ പ്രദേശങ്ങളിൽ കൂടുതൽ കുഴൽകിണറുകൾ നിർമ്മിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം-

(എ) സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ സഹായത്തോടെ ഇപ്രകാരമൊരു പദ്ധതി സംസ്ഥാന ഭൂജലവകുപ്പ് നടപ്പിലാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് കുഴൽ കിണറുകളുടെ നിർമ്മാണം നടത്തുവാൻ ഭൂജലവകുപ്പ് സന്നദ്ധമാണ്.

**പുതിയ ടൂറിസം വികസന പദ്ധതികൾ**

**49 (1737)** ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസംവകുപ്പ് ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ വികസന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) വികസന പദ്ധതികളിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിനായി ഏതെങ്കിലും സ്വകാര്യ ഏജൻസികളുമായി സർക്കാർ കരാറിലേർപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി-ഡി) ഒന്നും തന്നെയില്ല.

**സംയോജിത ടൂറിസം വികസന പദ്ധതി**

**50 (1738)** ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക മുന്നേറ്റത്തിനും ചെറുപ്പക്കാർക്ക് തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും വിനോദസഞ്ചാര മേഖലയെ ഉപയോഗപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly